# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2351 | 06.12.2018 - ൽ മറുപടിക്ക് |
|---|---|

## നാഷണൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി ഇളവുകളുടെ അന്തിമനേട്ടം ഉപഭോക്താക്കളിൽ എത്തിക്കാനായി രൂപീകരിച്ച നാഷണൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ രണ്ടു വർഷത്തെ കാലാവധി നിശ്ചയിച്ച് ആരംഭിച്ച അതോറിറ്റി ഒരു വർഷം കഴിഞ്ഞപ്പോൾത്തന്നെ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നതിന്റെ സാഹചര്യമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | എന്തെല്ലാം അധികാരങ്ങളാണ് പ്രധാനമായും അതോറിറ്റിക്കുണ്ടായിരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി പ്രാബല്യത്തിൽ വന്നപ്പോൾ അതിൽ ലയിച്ച കേന്ദ്ര-സംസ്ഥാന നികുതികളുടെ നികുതിഭാരത്തിൽ വന്ന കുറവ് ഉപഭോക്താക്കൾക്ക് കൈമാറുന്നുവെന്ന് ഉറപ്പാക്കുന്നതാണ് ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിയുടെ ചുമതല. ഇതിനെത്തുടർന്ന് ജി.എസ്.ടി നികുതിഘടനയിൽ കാലാകാലങ്ങളിൽ |

| | | | |
|---|---|---|---|
| | | | വരുന്ന മാറ്റങ്ങൾക്കനുസൃതമായ നികുതിയിളവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറുന്നുണ്ടോ എന്ന് അതോറിറ്റി ഉറപ്പാക്കേണ്ടതാണ്. ഈ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിനു നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. |

**സെക്ഷൻ ഓഫീസർ**